**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2544** **24-06-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായ സൗഹൃദ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാർ വ്യവസായ സൗഹൃദ സൂചിക നിശ്ചയിക്കുന്നതിന് ആധാരമാക്കിയിരിക്കുന്നത് അശാസ്ത്രീയമായ മാനദണ്ഡങ്ങളാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാർ വ്യവസായ സൗഹൃദ സൂചിക (Ease of Doing Business Index) നിശ്ചയിക്കുന്നതിന് ആധാരമാക്കിയിരിക്കുന്നത് അശാസ്ത്രീയമായ മാനദണ്ഡങ്ങളാണെന്ന് കരുതുന്നില്ല. എന്നാൽ വ്യവസായ സൗഹൃദ സൂചിക നിശ്ചയിക്കുന്നതിനുള്ള സ്റ്റേറ്റ് ബിസിനസ് റിഫോം ആക്ഷൻ പ്ലാനിന്റെ വിവിധ പതിപ്പുകളിലൂടെ സംസ്ഥാനങ്ങൾക്ക് നടപ്പിലാക്കാനായി ലഭിക്കുന്ന പരിഷ്കരണ ശുപാർശകളിൽ, കേരളത്തിൽ നടപ്പിലാക്കുന്നതിന് അപ്രായോഗികമായ വിഷയങ്ങൾ, അതാത് അവസരങ്ങളിൽ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓരോ പതിപ്പിലെയും പരിഷ്കരണ ശുപാർശകൾ ഔദ്യോഗികമായി പുറത്തിറക്കുന്നതിന് മുൻപായി, കേന്ദ്ര സർക്കാർ, പ്രസ്തുത ശുപാർശകളിൻമേൽ എല്ലാ സംസ്ഥാനങ്ങളുടെയും, കേന്ദ്രഭരണ പ്രദേശങ്ങളുടെയും അഭിപ്രായങ്ങൾ തേടാറുണ്ട്. സംസ്ഥാനത്തിന്റെ അഭിപ്രായങ്ങൾ സമയബന്ധിതമായി അറിയിക്കാറുണ്ട്. |
| (ബി) | കേന്ദ്ര സർക്കാരിന്റെ അശാസ്ത്രീയ മാനദണ്ഡങ്ങൾ പ്രകാരം സംസ്ഥാനത്തിന് അർഹമായ സ്ഥാനം ലഭിക്കാതെ പോയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | മേൽ (എ) പിരിവിനുള്ള ഉത്തരം കണ്ടാലും |
| (സി) | വ്യവസായ സൗഹൃദ പദ്ധതി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് മാനദണ്ഡങ്ങൾ പുതുക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഇന്ത്യയിലെ പ്രാദേശിക വ്യത്യാസങ്ങൾ കണക്കിലെടുക്കുമ്പോൾ, ഭൂമിശാസ്ത്രപരമായും, മറ്റനവധി ഘടകങ്ങളാലും, ചില സംസ്ഥാനങ്ങൾക്കുള്ള മെച്ചപ്പെട്ട സാഹചര്യങ്ങളെയും, മറ്റുചില സംസ്ഥാനങ്ങൾക്കുള്ള മോശം സാഹചര്യങ്ങളെയും കണക്കിലെടുത്തുകൊണ്ടാവണം, പരിഷ്കരണ ശുപാർശകൾ നടപ്പിലാക്കാനുള്ള നിർദേശം നല്കേണ്ടതെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനങ്ങൾക്ക് അവരുടെ ശക്തമായ മേഖലകൾ തിരഞ്ഞെടുത്ത് പരിഷ്കാരങ്ങൾ നടത്താൻ വ്യവസ്ഥ നൽകണമെന്നും, സംസ്ഥാനങ്ങളുടെ റാങ്കിംഗ് നിശ്ചയിക്കുന്നതിനുള്ള ഘടകമായ അഭിപ്രായ സർവേയുമായി ബന്ധപ്പെട്ട്, അവയിലൂടെ ലഭിച്ച പ്രതികരണങ്ങളും, അവയുടെ സ്ഥിതി വിവര കണക്കുകളും സംസ്ഥാനങ്ങളുമായി പങ്ക് വെക്കുന്നതിനും വ്യവസ്ഥ ചെയ്യണം എന്നും കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ